**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1772** — **13-02-2025 - ൽ മറുപടിയ്ക്ക്**

**അപകടസാധ്യത ഒഴിവാക്കുന്നതിനുള്ള റോഡ് സുരക്ഷ നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ പി എസ് സുപാൽ | | ശ്രീ കെ ബി ഗണേഷ് കുമാർ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | മലയോര ഹൈവേയിലെ അഞ്ചൽ-ആയൂർ, അഞ്ചൽ-കുളത്തുപ്പുഴ, അഞ്ചൽ -പുനലൂർ തുടങ്ങിയ പ്രധാന പാതകൾ സംഗമിക്കുന്ന അഞ്ചൽ പട്ടണത്തിലും, അഞ്ചൽ മാർക്കറ്റ് ജങ്ഷനിലും റോഡ് സേഫ്റ്റി ഫണ്ടിൽ ഉൾപ്പെടുത്തി ട്രാഫിക് പരിഷ്കരണങ്ങളും സിഗ്നൽ സംവിധാനവും, അനുബന്ധ സൗകര്യങ്ങളും ഒരുക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ; | (എ) | • **ആയൂർ - അഞ്ചൽ -പുനലൂർ റോഡിൽ ഉൾപ്പെട്ട അഞ്ചൽ പട്ടണത്തിലും അഞ്ചൽ മാർക്കറ്റ് ജംഗ്ഷനിലും റോഡ് മാർക്കിംഗ്സ്, studs, sign board തുടങ്ങി റോഡ് സുരക്ഷാ പ്രവർത്തികളും അഞ്ചൽ ബൈപാസ്സ് റോഡിൽ ട്രാഫിക് സിഗ്നൽ സംവിധാനവും കിഫ്ബി ധന സഹായത്താൽ നിർവഹിച്ച പദ്ധതിയായ Upgradation of Ayur-Anchal-Punalur Road in Kollam District" -ൽ ഉൾപ്പെടുത്തി നടപ്പിലാക്കിയിട്ടുണ്ട്.**<br>• **അഞ്ചൽ RO ജംഗ്ഷനിലും, മാർക്കറ്റ് ജംഗ്ഷനിലും, പത്തനാപുരം ടൗണിലും ട്രാഫിക് സിഗ്നൽ സംവിധാനങ്ങൾ സ്ഥാപിക്കുന്നത് സംബന്ധിച്ച് പോലീസ് വകുപ്പ് റോഡ് സുരക്ഷാ അതോറിറ്റിക്ക് സമർപ്പിച്ച ശിപാർശപ്രകാരം 31 .3 ലക്ഷം രൂപ ടി പ്രവർത്തിക്കായി അനുവദിക്കാൻ കേരള റോഡ് സുരക്ഷാ അതോറിറ്റി തീരുമാനിച്ചിട്ടുണ്ട്. സിഗ്നലുകൾ സ്ഥാപിക്കുന്നത് സംബന്ധിച്ച ശാസ്ത്രീയമായ പഠനങ്ങൾ നടത്തിയതിന്റെ ഓഡിറ്റ് റിപ്പോർട്ട് NATPAC--ൽ നിന്നും ലഭ്യമാക്കിയ ശേഷം ആയതിന്റെ അടിസ്ഥാനത്തിൽ തുക കൈമാറുന്നതാണ്.** |
| (ബി) | പുനലൂർ-കുളത്തുപ്പുഴ മലയോര ഹൈവേയിൽ കരവാളൂർ മാമൂട് വളവിൽ, അപകടകരമായ വളവിനെക്കുറിച്ചും, അപകടസാധ്യതയെക്കുറിച്ചും മുന്നറിയിപ്പ് നൽകുന്ന ബോർഡുകളോ, ബ്ലിങ്കർ പോലെയുള്ള മുന്നറിയിപ്പ് സംവിധാനങ്ങളോ സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ; | (ബി) | **പുനലൂർ- കുളത്തുപ്പുഴ മലയോര ഹൈവേയിൽ കരവാളൂർ മാമൂട് വളവിൽ നിലനിൽക്കുന്ന അപകടസാധ്യത കുറയ്ക്കുന്നതിനായി KSTP, PWD, തദ്ദേശ സ്വയംഭരണ വകുപ്പുകളുമായി കൂടിയാലോചിച്ച് സ്പീഡ് ബ്രേക്കർ, കോൺകേവ് മിറർ, സൈൻ ബോർഡുകൾ എന്നിവ സ്ഥാപിക്കുന്നതിനുള്ള പോലീസ് വകുപ്പിന്റെ നിർദ്ദേശങ്ങൾ ബന്ധപ്പെട്ട** |

| | | | |
|---|---|---|---|
| | | | **വകുപ്പിനെ അറിയിക്കുന്നതിനുള്ള നടപടികൾ കൊല്ലം റൂറൽ ജില്ലാ പോലിസ് മേധാവി സ്വീകരിച്ച വരുന്നു.** |
| (സി) | കൊല്ലം ആശ്രാമം മുനീശ്വരൻ കോവിൽ റോഡിൽനിന്ന് ശങ്കേർസ് ഹോസ്പിറ്റലിലേയ്ക്ക് പോകുന്ന റോഡിൽ കുറവാൻപാലം ഇറക്കത്തിലെ വളവിൽ തുടർച്ചയായി അപകടം ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; കഴിഞ്ഞ അഞ്ചു മാസത്തിനുള്ളിൽ നിരവധി അപകടങ്ങളും മൂന്നു മരണങ്ങളും ഉണ്ടായ സാഹചര്യത്തിൽ പൊതുമരാമത്ത് വിഭാഗവുമായി കൂടി ആലോചിച്ച് പ്രസ്തുത ഭാഗത്ത് അടിയന്തര സുരക്ഷാ ക്രമീകരണം ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ വിശദമാക്കാമോ? | (സി) | **ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ടി സ്ഥലത്തെ അപകടങ്ങളുടെ പ്രധാന കാരണം പ്രദേശത്തെ റോഡിലെ ഇറക്കവും വലിയ വളവുമാണ്. ടി സ്ഥലത്ത് വാഹന ങ്ങളുടെ അമിത വേഗം നിയന്ത്രിക്കുന്നതിന് വാഹനപരിശോധന ഏർപ്പെടുത്തിയിട്ടുള്ളതും റോഡിൽ പോലിസിന്റെ നിരീക്ഷണം ശക്തമാക്കിയിട്ടുള്ളതു മാണ്. പ്രസ്തുത ഭാഗത്ത് അടിയന്തിരമായി ഏർപ്പെടുത്തേണ്ട സുരക്ഷാ ക്രമീകരണങ്ങൾ സംബന്ധിച്ച നിർദ്ദേശങ്ങൾ പൊതുമരാമത്ത് വകുപ്പിനെ അറിയി ക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. അപകടങ്ങൾ ഒഴിവാക്കുന്നതിനായി റണ്ണിംഗ് കോൺട്രാക്ട് പ്രവൃത്തിയിൽ ഉൾപ്പെടുത്തി റോഡ് സുരക്ഷാ മാർക്കിങ്ങുകളും, ബോർഡുകളും സ്ഥാപിക്കുന്നതിനുള്ള നടപടികൾ പൊതുമരാമത്ത് വകുപ്പ് സ്വീകരിച്ച് വരുന്നു. കൂടാതെ ഈ വളവിൽ നിൽക്കുന്ന മരം മുറിച്ച് മാറ്റുന്നതിന് സോഷ്യൽ ഫോറസ്ട്രി വകുപ്പിലേക്ക് അനുമതി തേടിയിട്ടുണ്ട്.** |

സെക്ഷൻ ഓഫീസർ